**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# റിവ്യൂ അപ്പീൽ പരാതി നമ്പർ: RP/09/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 15 -01- 2025**

റിവ്യൂ പരാതിക്കാരൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തോപ്പുംപടി, എറണാകുളം

റിവ്യൂ എതിർകക്ഷി : ശ്രീമതി. ജോസ്ന കെ.ജെ
കളത്തി വീട്ടിൽ വീട്,
മുണ്ടാംവേലിൽ പി.ഒ
എറണാകുളം - 682507

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

അപ്പീൽ പരാതി നമ്പർ. P/065/2024 ന് 03/12/2024 ൽ ഇലക്ട്രിസിറ്റി ഓംബ്ഡുസ്മാൻ ഇറക്കിയ ഉത്തരവിന്റെ പുനപരിശോധനയ്ക്കായിട്ടാണ് ഈ ഹർജി നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ ചില പോരായ്മകൾ ചൂണ്ടിക്കാട്ടി തോപ്പുംപടി ഇലക്ട്രിക്ക് സബ്ബ് ഡിവിഷനിലെ Assistant Executive Engineer ആണ് ഈ പരാതി നൽകിയിട്ടുള്ളത്. അതിനാൽ തന്നെ ഇതിന്റെ എതിർകക്ഷി P/065/24 ന്റെ പരാതിക്കാരിയായ ശ്രീമതി. ജോസ്ന കെ.ജെ ആണ്. എതിർകക്ഷിയും കുടുംബവും BPL വിഭാഗത്തിൽ പെട്ടവരാണ്. ഇവർ വാങ്ങിയ സ്ഥലത്ത് PMAY പ്രകാരം ഒരു വീടിനുള്ള ധനസഹായം ലഭിക്കുകയും അങ്ങനെ വീട് 2018ൽ തന്നെ പൂർത്തിയാക്കുകയും ചെയ്തു. ലൈസൻസിയുടെ സെക്ഷൻ ഓഫീസിൽ

പുതിയ കണക്ഷനുവേണ്ടി അപേക്ഷിച്ചെങ്കിലും കണക്ഷൻ നൽകിയില്ല. അവർ വാങ്ങിയ വസ്തുവിൽ നിലനിന്നിരുന്ന ഇടിഞ്ഞുവീഴാറായ വീട്ടിലുണ്ടായിരുന്ന കണക്ഷനിൽ നിന്നും **Extention** ആയിട്ട് വൈദ്യുതി ഉപയോഗിച്ചുവരികയായിരുന്നു. ഈ **extension**ന് വേണ്ടി താരിഫ് പ്രകാരം ഉപഭോഗത്തിനുള്ള വൈദ്യുത ചാർജ് കൂടാതെ **extension**ന് വേണ്ടി അധിക ചാർജും ഈടാക്കിയിരുന്നു. ഓംബുഡ്സ്മാന്റെ ഉത്തരവ് പുനഃപരിശോധനയ്ക്ക് വേണ്ടിയാണ് ഓംബുഡ്സ്മാൻ സമക്ഷം ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

## റിവ്യൂ പരാതിക്കാരന്റെ വാദം

**05/12/24** ൽ അപ്പീൽ പരാതിനമ്പർ. **P/065/2024** മായി ബന്ധപ്പെട്ട് ഒരു ഉത്തരവ് കൊറിയറായി എനിക്ക് ലഭിക്കുകയുണ്ടായി. അതിൽ ബഹു.ഓംബുഡ്സ്മാൻ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകൾ ഞാൻ സമർപ്പിക്കുന്ന ഈ വസ്തുതകൾ കൂടി പരിഗണിച്ച് പുനഃപരിശോധിക്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

**12.11.2024** ൽ പരാതിക്കാരിയുടെ സ്ഥലം സന്ദർശിച്ച് അങ്ങ് പരാതിക്കാരിയുടെ പഴയ വീടിന്റെ ഉടമസ്ഥാവകാശം മാറ്റിക്കൊടുത്ത ശേഷം (ജോസ്നയുടെ പേരിലേയ്ക്ക് ), പഴയവീട് ഉടൻ പൊളിച്ചുകളയണമെന്ന ശ്രീമതി.ജോസ്നയുടെ ഉറപ്പിന്മേൽ, അവരുടെ വഴിയിൽ ഒരു **support post** ഇട്ട് പുതിയ വീട്ടിലേയ്ക്ക് മീറ്റർ ഷിഫ്റ്റ് ചെയ്ത് കൊടുക്കാൻ നിർദ്ദേശിച്ചിരുന്നു. അതിനു ചിലവാകുന്ന തുക ശ്രീമതി. ജോസ്ന അന്ന് അടയ്ക്കാമെന്നു സമ്മതിച്ചിരുന്നു. അതിന്റെ **estimate** തുകയായ **Rs . 8763/-** ശ്രീമതി. ജോസ്ന **03/12/2024** ൽ അടച്ചിരുന്നു. അത് പ്രകാരം **07/12/2024** ൽ ആ **support post** വഴിയിൽ സ്ഥാപിച്ച് പുതിയവീട്ടിലേയ്ക്ക് ഉടമസ്ഥാവകാശം മാറ്റി, മീറ്റർ മാറ്റി സ്ഥാപിച്ച് കൊടുത്തിട്ടുണ്ട്. ആയതിനാൽ ആ വീട്ടിലേയ്ക്ക് തന്നെയുള്ള പുതിയ കണക്ഷൻ ഈ സാഹചര്യം പരിഗണിച്ച് ദയവായി പുനഃപരിശോധിക്കണമെന്ന് അപേക്ഷിക്കുന്നു.

പരാതിക്കാരി പുതിയ വീട്ടിലെ **connected load 2810 watts** ൽ നിന്നും **552 watts** ആക്കി കുറച്ചുകൊണ്ടുള്ള **test cum completion certificate** ഉം അപേക്ഷയും **07/12/2024** ൽ ഉച്ചതിരിഞ്ഞ് ഫോർട്ട്കൊച്ചി ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ കോപ്പികൾ ഇതോടൊപ്പം സമർപ്പിക്കുന്നു. അതിന്റെ **Inspection Report** ഉം മഹസ്സറും ഇതിനോടൊപ്പം സമർപ്പിക്കുന്നു.

അതിന്റെ സത്യവാങ്മൂലം ഫോർട്ട് കൊച്ചി ഓഫീസിൽ 07/12/2024 ന് ലഭിച്ചിട്ടുണ്ട്.

പരാതിക്കാരിയ്ക്ക് 6F താരിഫിൽ താത്ക്കാലിക കണക്ഷൻ അവിടെ ഇതുവരെ നൽകിയിട്ടില്ല. പഴയവീടിന്റെ താരിഫ് ഇന്നും ഗാർഹിക വിഭാഗത്തിൽ ആണ്.

18/12/2023 ന് ശ്രീമതി. ജോസ്നയുടെ consumer no . 10528 ആയിട്ടുള്ള പഴയവീട്ടിൽ പണയത്തിന് താമസിച്ചിരുന്ന ശ്രീ.സോജൻ.വി.ജെ വലിയവീട്ടിൽ (H) മുണ്ടംവേലി, അവരുടെ വീട്ടിൽ നിന്നും വൈദ്യുതി, ഉടമസ്ഥൻ (ശ്രീ.ജോസ്ന ) പുതിയ വീട്ടിലേയ്ക്ക് അനധികൃതമായി ഉപയോഗിക്കുന്നതിനാൽ കറന്റ് ബില്ല് കൂടുതലാണെന്നും നടപടി എടുക്കണമെന്നും ആവശ്യപ്പെട്ട് Executve Engineer നു പരാതി നൽകുകയുണ്ടായി. പരാതി സത്യമാണെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ ഒന്നുകിൽ പുതിയ വീട്ടിലേയ്ക്കുള്ള line cut ചെയ്യുക. അല്ലെങ്കിൽ Temporary Extension തുക ഓഫീസിൽ അടച്ച് നിയമാനുസൃതം ഉപയോഗിക്കാൻ KSEBL ആവശ്യപ്പെട്ടു. രണ്ടും സാധ്യമല്ലെങ്കിൽ പുതിയ കണക്ഷൻ പുതിയ വീട്ടിലേയ്ക്ക് എടുക്കാൻ KSEBL നിർദ്ദേശിച്ചു. അപേക്ഷ കിട്ടിയാൽ കണക്ഷൻ ഉടനടി നൽകുവാൻ സാധ്യമാകും എന്നതിനാലും പരാതി കിട്ടിയതിനാൽ അതുവരെ Temporary extension ന്റെ തുക ഒടുക്കുകയും പുതിയ കണക്ഷനായുള്ള അപേക്ഷ 15/01/2024 ൽ ഓഫീസിൽ അടയ്ക്കുകയും ചെയ്തു. ഈ കണക്ഷന്റെ consent നേടുന്നതിന്റെ ഭാഗമായി ശ്രീമതി.ജോസ്ന ബഹുമാനപ്പെട്ട കോടതിയെ സമീപിക്കുകയും അതിന്റെ വിധി വൈകിയതിനാൽ, Temporary extension ആയി വൈദ്യുതി ഉപയോഗിക്കാനുള്ള അനുവാദം തുടർച്ചയായി ഓഫീസിൽ അപേക്ഷവച്ച് ഫീസടച്ച് നേടുകയുണ്ടായി. കോടതി ഈ കേസ് CGRF ന് കൈമാറുകയും അതിന്റെ തീരുമാനം ആകുന്നത് വരെ Temporary extension fees അടച്ച് തുടരാൻ നിർദ്ദേശിക്കുകയും ചെയ്തു. അതിന് 12/11/2024 മുതൽ മുടക്കം വന്നത് കാരണം 28/11/2024 ൽ നോട്ടീസ് നൽകി, Temporary extension തുക ഇനി അടയ്ക്കില്ല എന്ന് ജോസ്ന അറിയിക്കുകയും, Temporary extension കട്ട് ചെയ്യാൻ ഗേറ്റ് തുറന്നുതരുകയും ചെയ്യുകയാണുണ്ടായത്. പഴയവീട്ടിലെ കണക്ഷൻ കട്ട് ചെയ്തിട്ടില്ല.

2017 ൽ പരാതിക്കാരി ഉടമസ്ഥാവകാശ മാറ്റത്തിനായി ഒരു അപേക്ഷയും സമർപ്പിച്ചിട്ടില്ല. ആദ്യമായി ഈ ആവശ്യമായി ബന്ധപ്പെട്ട അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 13/10/2024 ന് ബഹുമാനപ്പെട്ട ഓംബുഡ്സ്മാന്റെ

നിർദ്ദേശപ്രകാരമാണ്. 2019-ൽ പരാതിക്കാരി പുതിയ വീട്ടിലേയ്ക്ക് കണക്ഷനുവേണ്ടി ഒരു അപേക്ഷയും സമർപ്പിച്ചിട്ടില്ല. ആദ്യമായി പുതിയ കണക്ഷന് വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നത് 15/01/2024 ൽ ആണ്. അത് ശ്രീ. സോജന്റെ പരാതിയുടെ പശ്ചാത്തലത്തിൽ ആണ്. പുതിയ വീട്ടിലേയ്ക്ക്, വീട് പണികഴിപ്പിച്ചു എന്ന് പറയുന്ന നാൾ മുതൽ സോജൻ പരാതി തരുന്നത് വരെ അനധികൃതമായി പഴയ വീട്ടിൽ നിന്നും ഉപയോഗിച്ചു വരുകയായിരുന്നു.

മേൽപ്പറഞ്ഞ വിശദീകരണം ദയവായി പരിഗണിക്കേണ്ടതാണ് . വീഴ്ചകൾ വരുത്തിയതായി കരുതുന്നില്ല. തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## എതിർകക്ഷിയുടെ വാദം (റിവ്യൂ)

റിവ്യൂ ഹർജി നിയമവശാലും കാര്യവശാലും നിലനിൽക്കാത്തതാകുന്നു. വെറും കളവായ പ്രസ്താവനകൾ ചേർത്ത് പരീക്ഷണാർത്ഥം ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ റിവ്യൂ ഹർജി പ്രഥമ ദൃഷ്ട്യ തള്ളിക്കളയേണ്ടതാകുന്നു.അപ്പീൽ പരാതി നമ്പർ: P/065/2024 ലെ 03.12.2024 ലെ ഉത്തരവ് റിവ്യൂ ചെയ്യണമെന്ന് ആവശ്യപ്പെട്ടാണ് മേൽ നമ്പർ റിവ്യൂ ഹർജി ഫയൽ ചെയ്തിരിക്കുന്നത്. ടി ഉത്തരവിലെ പ്രവർത്തനഭാഗം (Operative Portion)തീരുമാനങ്ങൾ.പരാതിക്കാരിയുടെ പുതിയ വീട്ടിലേക്കുള്ള കണക്ഷൻ ബിപിഎൽ വിഭാഗത്തിൽ പെടുന്നതായതിനാൽ ആവശ്യമുള്ള പോസ്റ്റുകൾ സ്ഥാപിച്ച് ലൈസൻസിയുടെ ചിലവിൽ ഉടൻ നൽകേണ്ടതാണ്. ഈ തീരുമാനം ഉത്തരവ് കിട്ടി രണ്ടു ദിവസത്തിനകം നടപ്പിലാക്കി റിപ്പോർട്ട് നൽകേണ്ടതാണ്. പരാതിക്കാരി പുതിയ വീട്ടിലെ connected load 1000 താഴെ നിലനിർത്തേണ്ടതാണ്. പരാതിക്കാരിയുടെ പേരിൽ ബിപിഎൽ വിഭാഗം എന്ന രീതിയിൽ വേറെ കണക്ഷൻ ലഭിച്ചിട്ടില്ല എന്ന സത്യവാങ്മൂലം ലൈസൻസിക്ക് നൽകേണ്ടതാണ്. പരാതിക്കാരിക്ക് നൽകിയിരിക്കുന്ന താൽക്കാലിക കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടെങ്കിൽ ഉടൻ പുനസ്ഥാപിക്കേണ്ടതാണ്.പരാതിക്കാരുടെ കണക്ഷൻ അപേക്ഷ നൽകി (2019 -ൽ ) 30 ദിവസത്തിനകം മുൻകാല പ്രാബല്യത്തോടെ നൽകിയതായി കണക്കാക്കി അധികം ഈടാക്കിയിട്ടുള്ള തുക പലിശ സഹിതം തിരികെ നൽകേണ്ടതാണ്. സർവീസ് കണക്ഷൻ നൽകാൻ കാലതാമസം വരുത്തിയ കാലയളവിലേക്ക് KSERC Regulation 2015 പ്രകാരം ദിവസേന 50 രൂപ

നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതാണ്. തീരുമാനം 6 പ്രകാരം നൽകുന്ന നഷ്ടപരിഹാരം വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഈ തീരുമാനങ്ങൾ (1&4) ഒഴികെ ഈ ഉത്തരവ് കിട്ടി രണ്ടാഴ്ചയ്ക്കകം നടപ്പിലാക്കി റിപ്പോർട്ട് നൽകേണ്ടതാണ്.

03.12.2024 ലെ ഉത്തരവ് റിവ്യൂ ചെയ്യുന്നതിന് ഹർജിക്കാരൻ ഉത്തരവിൽ error apparent on the face of record ഉണ്ടായിട്ടുണ്ടെന്ന് തെളിയിക്കേണ്ടതാണ്. ടി ഉത്തരവ് പ്രഥമ ദൃഷ്ടിയ പിശകുകൾ തെറ്റുകൾ പറ്റിയിട്ടുണ്ടെന്നും ആയത് റിവ്യൂ ചെയ്യാനാണ് ആവശ്യപ്പെടേണ്ടത്. ഉത്തരവിന്റെ മുഖത്ത് പ്രകടമായ ഒരു പിശകിന്റെ തെറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ റിവ്യൂ ഹർജി ഫയൽ ചെയ്യാൻ കഴിയുകയുള്ളൂ. മതിയായ കാരണങ്ങൾ ഇല്ലാതെയാണ് മേൽ നമ്പർ റിവ്യൂ ഹരജി ഫയൽ ചെയ്തിട്ടുള്ളത് ആയതിനാൽ റിവ്യൂ ഹർജി | പുനപരിശോധന ഹർജി സ്വീകരിക്കാത്തതല്ലാതാകുന്നു. ടി ഉത്തരവ് പുറപ്പെടുവിച്ചത് അപ്പീൽ പരാതിക്കാരിയെ വാദം കേട്ട് തെളിവുകൾ പരിശോധിച്ചും അപ്പീൽ എതിർകക്ഷിയുടെ വാദം കേട്ട് തെളിവുകൾ പരിശോധിച്ചുമാണ്. ബഹു: ഓംബുഡ്സ്മാൻ സ്ഥല സന്ദർശനം നടത്തി വസ്തുതകൾ വിലയിരുത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റിവ്യൂ ചെയ്യുന്നതിനുള്ള ഒരു കാരണങ്ങളും റിവ്യൂ ഹർജിക്കാരൻ മേൽ നമ്പർ റിവ്യൂ ഹർജിയിൽ ബോധിപ്പിച്ചിട്ടില്ലാത്തതാകുന്നു. റിവ്യൂ ഹർജിക്കാരൻ ബഹു. ഓംബുഡ്സ്മാൻറെ മുൻപിൽ 12.11.2024 ഹാജരാക്കിയ 2017 ലെ പേരു മാറ്റുന്നതിനും, മീറ്റർ ഷിഫ്റ്റ് ചെയ്യുന്നതിനും, പുതിയ വീട് പണിതതിന് തുടർന്ന് നൽകിയ പുതിയ കണക്ഷൻ എടുക്കുന്നതിനുള്ള അപേക്ഷ ടി റിവ്യൂ ഹർജിക്കാരൻ ടി നമ്പർ റിവ്യൂ ഹർജിയിൽ ഹാജരാക്കി കാണുന്നില്ല. മനപ്പൂർവ്വം മാറ്റിയതായി കാണുന്നു.

12.11.2024 നു അപ്പീൽ വാദിയുടെ അപ്പീൽ എതിർകക്ഷിയുടെയും വാദം കേട്ടതിനു ശേഷം അപ്പീൽ പരാതിക്കാരിയുടെ പഴയ വീടിൻറെ ഉടമസ്ഥാവകാശം മാറ്റിക്കൊടുത്ത് പുതിയ വീട്ടിലേക്ക് മീറ്റർ ഷിഫ്റ്റ് ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. 03.12.2024 ന് രാവിലെ ഫോർട്ട് കൊച്ചി AEE യാണെന്ന് പറഞ്ഞ് 9496008782 നമ്പറിൽ നിന്ന് എതിർകക്ഷിക്ക് കോൾ വരികയും ബഹു. ഓംബുഡ്സ്മാൻ പറഞ്ഞ പോസ്റ്റിന്റെ പണം അടച്ചില്ലെങ്കിൽ കണക്ഷൻ തന്നിരുന്ന റോഡിലെ പോസ്റ്റിൽ നിന്നും വീട്ടിലേക്കുള്ള കണക്ഷൻ കട്ട് ചെയ്യാൻ പറഞ്ഞിട്ടുണ്ട് എന്നു പറയുകയും ടി കണക്ഷൻ

കട്ട് ചെയ്താൽ ഒരിക്കലും നിങ്ങൾക്ക് കറന്റ് ലഭിക്കില്ല എന്ന് തീരുമാനിക്കാനാണ് എനിക്ക് നിർദ്ദേശം കിട്ടിയിരിക്കുന്നതെന്നറിയിച്ചു.

**K.S.E.B** യുടെ ലാൻഡ് ഫോണിൽ നിന്നും ഈ കാര്യം ആവശ്യപ്പെട്ട് നിരവധി തവണ എതിർകക്ഷിയെ വിളിച്ചു. പ്രായമായ അമ്മയും, എതിർകക്ഷിയുടെ മകൾക്ക് ക്രിസ്മപരീക്ഷയ്ക്ക് കറന്റ് ഇല്ലാതെ പഠിക്കാനാവാത്ത അവസ്ഥ ഓർത്ത് തോപ്പുംപടി ശ്രീനാഥ് ജ്വല്ലറിയിൽ എതിർകക്ഷിയുടെ അമ്മയുടെ കാതിൽ ഉണ്ടായിരുന്ന കമ്മൽ വിറ്റ് ആണ് നിർബന്ധിതമായി **10778/-** രൂപ **03.12.2024** ന് **K.S.E.B** യിൽ അടച്ചത്.

**K.S.E.B** യിൽ പോസ്റ്റിന്റെ ഫീസ് അടച്ച് വീട്ടിലെത്തിയപ്പോൾ ബഹു.ഓംബുഡ്സ്മാന്റെ ഓഫീസിൽ നിന്നും അപ്പീൽ ഉത്തരവായെന്നും ആയത് കൈപ്പറ്റുന്നതിന് ഓഫീസിൽ എത്തണമെന്നും അറിയിച്ചതിനെ തുടർന്നു എതിർകക്ഷി ടി അപ്പീൽ ഉത്തരവ് നേരിട്ട് കൈപ്പറ്റിയിട്ടുള്ളതാണ്. ടി ഉത്തരവിൽ അപ്പീൽ പരാതിക്കാരി **BPL** ലിസ്റ്റിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടെന്നും ആയതിനാൽ ആവശ്യമുള്ള പോസ്റ്റുകൾ സ്ഥാപിച്ച ബിപിഎൽ കണക്ഷൻ രണ്ടു ദിവസത്തിനകം നടപ്പിലാക്കിയ റിപ്പോർട്ട് ഹാജരാക്കണമെന്നും മനസ്സിലായിട്ടുള്ളതാണ്. റിവ്യൂ ഹർജിക്കാരൻ മനപ്പൂർവ്വം അപ്പീൽ എതിർകക്ഷിക്ക് നഷ്ടം ഉണ്ടാക്കാൻ വേണ്ടി പറഞ്ഞു തെറ്റിദ്ധരിപ്പിച്ചാണ് പോസ്റ്റിന്റെ ഫീസ് അടപ്പിച്ചത്. അപ്പീൽ ഉത്തരവ് കിട്ടിയ ഉടൻതന്നെ പോസ്റ്റിന്റെ ഫീസ് അടച്ചത് തിരികെ തരണമെന്ന് ആവശ്യപ്പെട്ട് കെഎസ്ഇബിയിൽ റിവ്യൂ ഹർജിക്കാരനോട് ആവശ്യപ്പെട്ടു. തരാമായിരുന്നിട്ടും തോപ്പുംപ്പടി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് കണ്ട് അപേക്ഷ നൽകാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് ഒറിജിനൽ റെസിപ്റ്റും അപേക്ഷയും തോപ്പുംപടി **AE** യ്ക്കും സമർപ്പിക്കുകയും എത്രയും വേഗം പണം തിരികെ തരാമെന്നും പറഞ്ഞ് എതിർകക്ഷി നൽകിയ അപേക്ഷ ഒപ്പുവെച്ച് **receipt** തരുകയും ചെയ്തു. **07.12.24** ന് സപ്പോർട്ട് പോസ്റ്റ് വഴിയിൽ സ്ഥാപിച്ച് പുതിയ വീട്ടിൽ പഴയ മീറ്റർ സ്ഥാപിച്ചും എന്നാൽ സപ്പോർട്ട് പോസ്റ്റിൽ കണക്ഷൻ കൊടുക്കാതെയാണ് ടി മീറ്റർ ഷിഫ്റ്റ് ചെയ്തത്. എന്നാൽ ബഹു: ഓംബുഡ്സ്മാൻ ഉത്തരവിട്ടത് ബിപിഎൽ കണക്ഷൻ ആവശ്യമുള്ള പോസ്റ്റ് ഇട്ടു നൽകുന്നതിനാണ്. റിവ്യൂ ഹർജിക്കാരൻ എതിർകക്ഷിക്ക് പുതിയ കണക്ഷൻ നൽകുന്നത് പുനർ പരിശോധിക്കണമെന്ന് പറയുന്നത് യാതൊരു മാനദണ്ഡവും ഇല്ലാതെയാണ്. എതിർകക്ഷിയോട് വൈരാഗ്യമോ

ഏതുവിധേനയും ബിപിഎൽ അനുകൂലം ലഭിക്കരുതെന്ന് ഉദ്ദേശത്തോടുകൂടിയാണ്.

ഫോർട്ട് കൊച്ചി A.E, അഷ്റഫ് ആണ് KSEBയുടെ ലൈസൻസ് ഉള്ള Watts ചെക്ക് ചെയ്യുന്ന ആൾ. എന്നും അയാളെ കൊണ്ട് Watts ചെക്ക് ചെയ്യാൻ പറഞ്ഞത് അനുസരിച്ച് അയാളുടെ ഫോണിൽ വിളിച്ചപ്പോൾ വലിയ തുകയാണ് അയാൾ എതിർകക്ഷിയോട് Watts ചെക്ക് ചെയ്യുന്നതിന് ആവശ്യപ്പെട്ടത് അതിനാൽ മറ്റൊരാളെ വിളിച്ചോളാം എന്ന് അപ്പീൽ പരാതിക്കാരി പറയുകയാണ് ഉണ്ടായത്. അഷ്റഫ് എന്നയാൾ അപ്പീൽ പരാതിക്കാരിയുടെ വീട് സന്ദർശിക്കുകയോ watts ചെക്ക് ചെയ്യുകയോ ഉണ്ടായിട്ടില്ല. ഇപ്പോൾ ബഹു: ഓംബുഡ്സ്മാൻ ഓഫീസിൽ നിന്നും കോപ്പികൾ കിട്ടിയപ്പോഴാണ് അഷ്റഫ് എന്നയാൾ Watts ചെക്ക് ചെയ്ത് Form നൽകിയത് കാണുന്നത് ഒരു തവണ പോലും അഷ്റഫ് എതിർകക്ഷിയുടെ വീട്ടിൽ വന്നിട്ടില്ല. ടി Exhibit ബഹു: ഓംബുഡ്സ്മാനെ തെറ്റിദ്ധരിപ്പിക്കുന്നതിനും അത് അപ്പീൽ പരാതിക്കാരിയുടെ അറിവോടെയുമല്ല. സമർപ്പിച്ചിട്ടുള്ളത്. Exhibit 127 ൽ ഹാജരാക്കിയിട്ടുള്ള 15 പേജുകളിൽ ചിലതെല്ലാം 2017 മുതൽ KSEB യിൽ ഹാജരാക്കിയിട്ടുള്ളതാണ്. എന്നിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. സോജൻ എന്നയാൾ പഴയ വീട്ടിൽ താമസിക്കുന്നു എന്നു പറഞ്ഞ് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി കറന്റ് ഉപയോഗിക്കുന്നു എന്ന് പറയുന്നത് തികച്ചും കളവാണ്. 2022 September ൽ സോജൻ താമസം മാറി പോയതാണ് സോജൻ 2023 ൽ പഴയ വീട്ടിൽ താമസിക്കുന്നു എന്നവർ കണ്ടെത്തിയത് കളവാണ്. സോജൻ പോയി എന്നു പറയുന്ന കാലയളവിൽ പരാതി വയ്ക്കുകയും ആൾതാമസം ഇല്ലാത്ത അടഞ്ഞുകിടക്കുന്ന വീട്ടിൽ നിന്നും എക്സ്റ്റൻഷൻ അടച്ച് കറന്റ് എടുപ്പിക്കുവാനും അതുമൂലം വലിയ സാമ്പത്തിക ബാധ്യത വരുത്തുവാനും ആണ് കെഎസ്ഇബിയുടെ ഭാഗത്തുനിന്നുണ്ടായത്. PMAY പദ്ധതി പ്രകാരം കറന്റ് കിട്ടിയാലെ നാലാം ഗഡു കൈപ്പറ്റുവാൻ കഴിയുകയുള്ളൂ. നാളിതുവരെ നാലാം ഗഡു ലഭിച്ചിട്ടില്ല. അപ്പീൽ പരാതിക്കാരി ബിപിഎൽ ലിസ്റ്റിലുള്ളതാണ്. അതിനാൽ കറന്റ് കണക്ഷൻ നൽകണമെന്ന് 2017 മുതൽ KSEB യോട് ആവശ്യപ്പെടുന്നു. അപേക്ഷകളെല്ലാം വാങ്ങി വെച്ച് യാതൊരുവിധ നടപടി ഉണ്ടായിട്ടില്ല. പലതവണ കോർപ്പറേഷൻ UPAD യിൽ കൊടുത്ത് ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്നും അതുകൊണ്ടാണ് ഗവൺമെന്റ് സഹായത്താൽ വീട് കിട്ടിയതാണ് എന്നെല്ലാം ബോധ്യപ്പെടുത്തി കോർപ്പറേഷനിൽ നിന്നും

സർട്ടിഫിക്കറ്റ് നൽകി എന്നിട്ടും റിവ്യൂ ഹർജിക്കാരൻ മനപ്പൂർവ്വം ബുദ്ധിമുട്ടിച്ചു. **2022** മുതൽ **2024** ജനുവരി അപ്പീൽ എതിർകക്ഷി എക്സ്റ്റൻഷൻ എടുക്കാൻ നിർബന്ധിച്ച സമയം പഴയ വീട് ഉപയോഗശൂന്യമായി അടഞ്ഞുകിടക്കുകയായിരുന്നു.

അപ്പീൽ പരാതിക്കാരിയുടെ അപ്പച്ചന്റെ അറ്റാക്കും ബൈപ്പാസ് സർജറിയും തുടർന്ന് മരണവും ആ വേദനയിൽ കഴിയുന്ന സമയത്താണ് അപ്പീൽ എതിർകക്ഷി ഇങ്ങനെ ഇല്ലാത്ത കാരണങ്ങൾ പറഞ്ഞും എതിർകക്ഷിയെ തെറ്റിദ്ധരിപ്പിച്ചു അവർ പറഞ്ഞു തന്ന രീതിയിൽ അപേക്ഷ **extension** ന് എഴുതികൊടുത്തിരുന്നത്. രോഗാവസ്ഥയിലായിരുന്ന അപ്പച്ചനെയും പഠിക്കുന്ന കുട്ടികളെയും ബുദ്ധിമുട്ട് ഓർത്താണ് വിഷമിക്കുന്ന അവസ്ഥയിലും കടം വാങ്ങി പണം അടച്ചു കൊണ്ടിരുന്നത്. **12.11.2024** ന് എക്സ്റ്റൻഷൻ പണം മുടക്കം വന്നത് **17.11.2024** ആണ് അപ്പീൽ പരാതിക്കാരിയുടെ അച്ഛൻറെ മരണചടങ്ങു സംബന്ധമായി ബന്ധുമിത്രാദികളെ വിളിച്ചു ചടങ്ങുകൾ നടത്തിയതിനാൽ സാമ്പത്തികമായ വളരെ പ്രയാസത്തിൽ ആയിരുന്നു. റിവ്യൂ ഹർജിക്കാരൻ വിളിച്ച് മാനസിക സമ്മർദ്ദം ചെലുത്തി. റിവ്യൂ ഹർജിക്കാരൻ **28.11.2024** ന് കണക്ഷൻ കട്ട് ചെയ്തു അപ്പോഴും അപ്പീൽ പരാതിക്കാരിയുടെ അവസ്ഥകളെല്ലാം എതിർകക്ഷിയോട് അറിയിച്ചിരുന്നു. റിവ്യൂ ഹർജിക്കാരൻ പറഞ്ഞത് ടിയാൻ ആണ് ഈ എതിർകക്ഷിയുടെ കാര്യങ്ങളെല്ലാം തീരുമാനിക്കുന്നത്, തനിക്കും മുകളിൽ ആരും ചോദിക്കാൻ ഇല്ലെന്നാണ്. **2019** മുതൽ റീഡിങ് എടുത്തിരുന്ന സമയങ്ങളിൽ എല്ലാം രണ്ടു വീട്ടിൽ ആൾതാമസം കാണുകയും കറന്റ് ബില്ല് ഒന്നുമാത്രമായിരുന്നിട്ടും കെഎസ്ഇബി എൻജിനീയർ ഇടയ്ക്കിടെ ഇത് സംബന്ധിച്ച് പണം ആവശ്യപ്പെടുകയും അറിവില്ലായ്മ മൂലം പണം കൊടുത്തു കൊണ്ടിരിക്കുകയും ആയിരുന്നു. സോജൻ എന്നയാൾ പരാതി നൽകിയപ്പോൾ മാത്രമാണ് മേൽ നടപടികൾ ഭയന്ന് എക്സ്റ്റൻഷൻ എടുക്കാനും **extension** ന് പണം അടയ്ക്കാനും റിവ്യൂ ഹർജിക്കാരൻ ആവശ്യപ്പെട്ടത്.

മണിലാൽ എന്ന ആളിനെ കൊണ്ട് പല അപേക്ഷകളിലും ടി എതിർകക്ഷിയുടെ കളവായ ഒപ്പ് ഇട്ടിട്ടുള്ളതും,**12.11.2024** അപേക്ഷയിലും ഒപ്പിട്ടതായി കാണുന്നു. ഇത് വ്യാജമാണ് മണിലാൽ എന്നയാൾക്ക് ഈ എതിർകക്ഷി യാതൊന്നും ഒപ്പിട്ടു നൽകിയിട്ടില്ല. ടി **Exhibit**ൽ ഇട്ടിരിക്കുന്ന ഒപ്പും വ്യാജമാണെന്ന് ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലായി. **JOSNA** എന്ന

പേരിൽ ഇടുന്ന ഒപ്പ് **Exhibit 12.11.2024** ഇലക്ട്രിസിറ്റി ഫോമിൽ ഇട്ടിരിക്കുന്നത് **JOSNA** എന്നാണ്. ഈ ഒപ്പ് തികച്ചും വ്യാജമാണ്. ഒരിടത്തും അപ്പീൽ പരാതിക്കാരിയുടെ ഒപ്പ് ഇങ്ങനെ ഇട്ടിട്ടില്ല. അക്ഷര തെറ്റോട് ഇട്ടിരിക്കുന്ന ഈ ഒപ്പ് മണിലാൽ എന്നയാൾ റിവ്യൂ ഹർജിക്കാരന്റെ നിർദ്ദേശത്തെ തുടർന്ന് ഓംബുഡ്സ്മാന്റെ ഉത്തരവിൽ നിന്നും രക്ഷപ്പെടാനും ഇങ്ങനെയുള്ള രേഖകൾ വ്യാജമായി കൃത്രിമമായി ഉണ്ടാക്കിയിട്ടുള്ളതാണ്. ആയതിന് നടപടി ഉണ്ടാവണം.രമേശ് എന്ന ലൈസൻസി ടി എതിർകക്ഷിയുടെ വീട്ടിൽ **watts** ചെക്ക് ചെയ്യാൻ വന്നിട്ടുള്ള പല തവണകളിലായി സ്വിച്ചുകൾ മാറ്റി ലോഡ് കുറച്ച് രമേശ് എന്നയാൾ **KSEB** യിൽ സമർപ്പിച്ച രേഖകൾ ഒന്നും കാണുന്നില്ല. **552 watts** ആയി രമേശ് എന്നയാൾ നൽകിയിരിക്കുന്ന സർട്ടിഫിക്കറ്റ് അപ്പീൽ പരാതിക്കാരിയുടെ അറിവോടെ ആണ് മറ്റു രേഖകൾ ഒന്നും ടി എതിർകക്ഷിയുടെ അറിവോടെയല്ല.

**Exhibit Ex4** ഡിസ്കണക്ഷൻ നോട്ടീസ് തന്നപ്പോഴും അടഞ്ഞുകിടക്കുന്ന വീടാണെന്ന് അറിഞ്ഞു തന്നെയാണ് നൽകിയിട്ടുള്ളത്, എതിർകക്ഷിയ്ക്ക് സാമ്പത്തിക നഷ്ടം വരുത്തുന്നതിനായി എക്സ്റ്റൻഷൻ എടുക്കാൻ നിർബന്ധിച്ചു കൊണ്ടിരുന്നു. നിരന്തരം നോട്ടീസ് നൽകിയും ഒരിക്കലും കണക്ഷൻ ബിപിഎൽ തരില്ലെന്നും പറഞ്ഞു **Maria Reshel Paul** സബ് എഞ്ചിനീയർ പറഞ്ഞിരുന്നു. രമേശ് എന്ന ഇലക്ട്രീഷ്യനും സബ്ബ് എഞ്ചിനീയറും **A.E** യും തമ്മിൽ നേരത്തെ ഉണ്ടായിരുന്ന വഴക്ക് വൈരാഗ്യവും അറിയാതെ അപ്പിൽ പരാതിക്കാരി രമേശ് എന്ന ഇലക്ട്രീഷ്യനെ വിളിച്ചതും അവർക്ക് ടി എതിർകക്ഷിയോടുള്ള വൈരാഗ്യത്തിന് കാരണമാണ് അത് മണിലാൽ എന്നയാൾ പറഞ്ഞാണ് ടി എതിർകക്ഷി അറിഞ്ഞത്.**Exhibit Ex 5** ൽ റിവ്യൂ ഹർജിക്കാരൻ ഇലക്ട്രീഷ്യനായ അഷ്റഫ് **1400 watts 20.10.24** ന് സമർപ്പിച്ചതായി കാണുന്നു. **24.02.24** ന് ടി റിവ്യൂ ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രകാരം ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്നുള്ള സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ അതുമതി കണക്ഷൻ തരാമെന്നു പറഞ്ഞതിനെ തുടർന്ന് സർട്ടിഫിക്കറ്റ് നൽകുകയും തുടർന്ന് രമേഷ് എന്ന ലൈസൻസി വന്ന് **850 watts** രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകിയിരുന്നു. ആയത് റിവ്യൂ ഹർജിക്കാരൻ മാറ്റിയിട്ടുള്ളതായും **Maria Reshel Paul** എന്ന സബ് എൻജിനീയർ **1550/ watts** ആയി പുതിയ രേഖകൾ കളവായിചമച്ചതായും കാണുന്നു. **Maria Reshel Paul** എന്ന സബ് എഞ്ചിനീയർ വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ

മനപ്പൂർവം അപ്പീൽ പരാതിക്കാരിൽ നിന്നും അധിക പണം ഈടാക്കണമെന്ന ലക്ഷ്യത്തോടെ നാളിതുവരെ തൻറെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുകയാണ്. ടി **Maria Reshel Paul 23.11.24** ന് ടി എതിർകക്ഷിയോട് അഷ്റഫ് നൽകിയ **2810 Watts** കുറവ് ചെയ്താൽ **BPL list** ൽ കണക്ഷൻ തരാം എന്ന് പറഞ്ഞതിനെ തുടർന്ന് ചൂട് സഹിക്കാനാവാതെ മരുന്നിലും ബൈപ്പാസ് സർജറിയിലും ആയിരുന്ന മരണക്കിടക്കയിലായിരുന്ന അപ്പിൽ പരാതിക്കാരിയുടെ അപ്പച്ചനെ പോലും പ്രയാസപ്പെടുത്തി മാസങ്ങളോളം എസി എടുത്തുമാറ്റി. അഷ്റഫ് എന്നയാൾ **20.01.24** ന് **1400** സമർപ്പിച്ചതായി കാണുന്ന **form Watts Maria Reshel Paul** എന്ന സബ് എൻജിനീയർ മനപ്പൂർവ്വം വീഴ്ചവരുത്തി മറ്റ് ഉദ്യോഗസ്ഥരോട് കള്ളം പറഞ്ഞു അവരെയും അപ്പീൽ പരാതിക്കാരിക്ക് എതിരാക്കി തിരിച്ചു. **watts** എത്ര കുറച്ചാലും സബ് എഞ്ചിനീയറുടെ പിടിവാശിക്ക് മുൻപിൽ ഒന്നും നടക്കില്ല എന്നാണ് ടി എതിർകക്ഷിയോട് പറഞ്ഞത്. **Watts** കുറച്ചിട്ടും ഇല്ലാത്ത കാരണങ്ങൾ കണ്ടെത്തി അപ്പീൽ എതിർകക്ഷി വർഷങ്ങളായി അപ്പീൽ പരാതിക്കാരിയെ പ്രയാസപ്പെടുത്തുന്നതിനാൽ മാനസികമായും സാമ്പത്തികമായും നഷ്ടത്തിലും വളരെ പ്രയാസത്തിലാണ് അപ്പീൽ പരാതിക്കാരി കഴിയുന്നത്.

**Exhibit Ex5(14)** അടയാളപ്പെടുത്തിയ അപ്പീൽ പരാതിക്കാരി സമർപ്പിച്ച അപേക്ഷയിൽ ഹാരിസ് എന്നയാളെ കൊണ്ട് മാത്രമേ **Watts** ചെക്ക് ചെയ്യാൻ പാടുള്ളൂ എന്ന് പറഞ്ഞ് നമ്പർ എഴുതി തന്നിട്ടുണ്ട്. ടി മൊബൈൽ **9847057443** നമ്പറിൽ വിളിച്ചപ്പോൾ ജനുവരി **2024**വരെ ടിയാൻ തിരക്കാണെന്ന് പറഞ്ഞതിനാലാണ് രമേഷ് എന്നയാളെ വിളിച്ചത്. ഈ കാരണങ്ങൾ പറഞ്ഞാണ് സബ് എൻജിനീയർ ടി എതിർകക്ഷിയെ വർഷങ്ങളായി കഷ്ടപ്പെടുത്തിയത്. ഒരിക്കലും ബിപിഎൽ കണക്ഷൻ തരില്ലെന്നും മേടിക്കാമെങ്കിൽ മേടിക്കണം എന്നാണ് സബ് എൻജിനീയർ വെല്ലുവിളിച്ചിട്ടുള്ളതാണ്.**11.12.24** ന് സബ് എൻജിനീയർ മറ്റു ഉദ്യോഗസ്ഥരും വന്ന് അടച്ചിട്ടിരുന്ന് ഗേറ്റ് തുറന്ന് അകത്തു കടന്ന് റിവ്യൂ ഹർജിക്കാരൻ എക്സ്റ്റൻഷൻ തരാനായി മാറ്റിയിട്ടിരുന്ന വയറുകൾ കണക്ഷനായി കാണിച്ച് വീഡിയോ എടുത്തു പുറത്ത് ഇല്ലാതിരുന്ന പല സ്വിച്ചുകളും മണിലാൽ എന്നയാളുടെ സഹായത്തോടെ പുതിയതായി സ്ഥാപിച്ചും ടെറസിന്റെ മുകളിൽ കയറി **AC** യുടെ ഔട്ട് ഡോർ മാറ്റിയിട്ടിരുന്നത് പുറത്തുനിന്ന് ഫോട്ടോയും വീഡിയോയും എടുക്കാനാവുന്ന വിധം മാറ്റി സ്ഥാപിച്ച് ഫോട്ടോകളും വീഡിയോകളും എടുത്തത് അനധികൃതവും സ്വകാര്യതയുടെ

ലംഘനവും ആണ്. അപ്പീൽ പരാതിക്കാരി വീട്ടിൽ ഉണ്ടാവില്ലെന്ന് A. E യെ വിളിച്ചും മെസ്സേജ് ഇട്ടും പറഞ്ഞിരുന്നതിന്റെ അടിസ്ഥാനത്തിൽ തക്ക സമയം നോക്കി അതിക്രമിച്ചു കയറിയതാണ്. ആളില്ലാത്ത വീട്ടിൽ ആരുമില്ലെന്ന് അറിഞ്ഞ് വരുംവരെ കാത്തു നിൽക്കാതെ തെറ്റിദ്ധരിപ്പിക്കും വിധം വീഡിയോയും ഫോട്ടോകളും എടുക്കാൻ എന്ന ലക്ഷ്യത്തോടെയാണ്. ബഹു.ഓംബുഡ്സ്മാന്റെ ഉത്തരവ് അസാധുവാക്കാൻ നടത്തിയ ഗൂഢാലോചന മാത്രമാണ് ടി തെളിവെടുപ്പ്.

ടി എതിർകക്ഷി ബഹു കേരള ഹൈക്കോടതിയിൽ സമർപ്പിച്ച **WPC No.9682/2024, 11.07.2024** ൽ തീർപ്പ് കൽപ്പിച്ചു. പേജ് **3,** രണ്ടാം പാരഗ്രാഫിൽ ടി എതിർകക്ഷി എക്സ്റ്റൻഷന് പണമടയ്ക്കാൻ തയ്യാറാണെങ്കിൽ കൂടാതെ ഫ്രഷ് കണക്ഷൻ അപേക്ഷ സമർപ്പിക്കും എങ്കിൽ, ടി എതിർകക്ഷിയ്ക്കും പുതിയ കണക്ഷൻ നൽകാൻ ബഹു കേരള ഹൈക്കോടതി നിർദേശിച്ചു. ടി ഉത്തരവും **14.03.2024** ൽ ബഹു കേരള ഹൈക്കോടതിയിൽ നിന്നും ഉണ്ടായിട്ടുള്ള ഇടക്കാല ഉത്തരവ് ഇതോടൊപ്പം ഹാജരാക്കുന്നു. യാതൊരു ഉത്തമ വിശ്വാസവും ഇല്ലാതെ ശരിയായ രീതിയിൽ എക്സിബിറ്റ്സ് മാർക്ക് ചെയ്യാതെയും സംശയം ജനിപ്പിക്കുന്ന രീതിയിലും പ്രസ്താവനകൾ ഉൾപ്പെടുത്തി ബോധപൂർവ്വം ദുഷ്ടലക്കോടെയാണ് ടി റിവ്യൂ ഹർജിയും റിപ്പോർട്ടും തയ്യാറാക്കിയിട്ടുള്ളത്. ബഹു ഓംബുഡ്സ്മാന്റെ ഉത്തരവ് മനസ്സിലാക്കി നടപ്പിലാക്കാതെ കള്ള ഒപ്പിട്ട് വ്യാജരേഖ ചമച്ച് ഇല്ലാത്ത **watts** ഉണ്ടെന്ന് വരുത്തി തീർത്ത്, കെഎസ്ഇബി ജീവനക്കാരെ ഔദ്യോഗിക പ്രവർത്തികളിൽ നിന്നും പിന്തിരിപ്പിച്ചും ഔദ്യോഗിക കൃത്യനിർവാഹണത്തിൽ വീഴ്ച വരുത്തിയും സംസ്ഥാന സർക്കാരിൻറെ ബിപിഎൽ അനുകൂലം മുൻനിർത്തി **PMAY Scheme** പ്രകാരം ലഭിച്ച വീടിനു ലഭിക്കാനുള്ള **BPL Connection** ടി എതിർകക്ഷിയുടെ അവകാശം നിഷേധിക്കുന്നതിന് പുതിയ ബിപിഎൽ കണക്ഷൻ നൽകിയ ഉത്തരവ് പുന പരിശോധിക്കണമെന്ന് അപേക്ഷ സ്വീകരിക്കാൻ കഴിയാത്തതും സംസ്ഥാന സർക്കാരിന്റെ പോളിസിയുടെയും ഭരണഘടനയുടെയും ലംഘനമാണ്.

ടി എതിർകക്ഷി ഇലക്ട്രിക് പോസ്റ്റിന് അടച്ച ഫീസ് തിരികെ തരാമെന്ന് റിവ്യൂ ഹർജിക്കാരൻ സമ്മതിച്ചു നൽകിയിട്ടുള്ള പണം ഒരു മാസമായിട്ടും മടക്കി തന്നിട്ടില്ല. അപ്പീൽ ഉത്തരവിൽ അനുവദിച്ച കോമ്പൻസേഷനും ഉത്തരവായ തുകയും ഓർഡറായ പണവും ഉടൻ അനുവദിച്ചു തരാൻ

നടപടിയുണ്ടാവണമെന്നും,**BPL connection**ന് ആവശ്യമായ പോസ്റ്റിട്ട് കണക്ഷൻ തരാൻ നടപടി ഉണ്ടാവണം. ടി എതിർകക്ഷി കളക്ടർക്ക് കൊടുത്ത അപേക്ഷ റിവ്യൂ ഹർജിക്കാരൻ ഹാജരാക്കിയ കോപ്പിയിലുണ്ട്. ബഹു: കളക്ടർ ടി എതിർകക്ഷി **BPL** ഉടമയാണെന്ന് സർട്ടിഫിക്കറ്റ് കൊടുത്താലുടൻ കണക്ഷൻ നൽകണമെന്നു പറഞ്ഞതിനെ തുടർന്ന് കോർപ്പറേഷൻ ഓഫീസ് **U.P.A.D** യിൽ നിന്നും **BPL** ആണെന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകിയിട്ടും വീഴ്ച വരുത്തിയത് ടി റിവ്യൂ ഹർജിക്കാരന്റെ ധാർഷ്ട്യമാണ്. ടിയാന്റെ മേൽ ഉദ്യോഗസ്ഥനെ പോലും വില കല്പിക്കാത്ത നടപടിയാണ്. നിയമത്തിന്റെ വഴിയിലൂടെ നീതി കിട്ടാൻ ടി എതിർകക്ഷി കാണിച്ച ധൈര്യം മറ്റ് സാധാരണ ഉപഭോക്താക്കൾ അറിവില്ലായ്മ മൂലവും സാമ്പത്തിക പ്രയാസങ്ങളും പ്രതിസന്ധിയെയും തുടർന്ന് മുന്നോട്ടു പോവാനാവാതെ പ്രയാസപ്പെട്ട് പിന്മാറിയിട്ടുള്ളതും ടി അവസ്ഥ പൊതുവായ പ്രശ്നമായി സ്വീകരിച്ച് സമപക്ഷത്തു നിന്നും വേണ്ട നടപടിയും നഷ്ടപരിഹാരം ഉൾപ്പെടെ തരണമെന്നും ടി എതിർകക്ഷി അപേക്ഷിക്കുന്നു.

നിഷേധിക്കാനാവാത്ത തെളിവുകളുടെ പിൻബലത്തോടെ ടി എതിർകക്ഷിക്കെതിരെ ചുമത്തിയ ഗുരുതരമായ കുറ്റങ്ങൾക്ക് സത്യസന്ധമായ വിശദീകരണങ്ങൾ തെളിയിക്കുന്നതിൽ റിവ്യൂ ഹർജിക്കാരൻ പൂർണ്ണമായും പരാജയപ്പെട്ടു എന്നത് വ്യക്തമാണ്. രേഖാമൂലമുള്ള പ്രസ്താവനയിൽ, ടി റിവ്യൂ ഹർജിക്കാരന്റെ നഗ്നമായ തെറ്റ് ന്യായീകരിക്കാൻ ദുർബലവും ബോധ്യപ്പെടുത്താനാവാത്തതുമായ ന്യായീകരണങ്ങൾ അവലംബിക്കുന്നു. അതിനാൽ ടി എതിർകക്ഷിയുടെ ആരോപണങ്ങൾ ഖണ്ഡിക്കേണ്ട ഉത്തരവാദിത്തം ടി റിവ്യൂ ഹർജിക്കാരനാണ് അവർ ആ ദൗത്യം നിറവേറ്റുന്നതിൽ ടിയാൻ ദയനീയമായി പരാജയപ്പെട്ടു. വിശ്വസനീയമായ പ്രതിരോധങ്ങൾ നൽകാനുള്ള ടി റിവ്യൂ ഹർജിക്കാരന്റെ കഴിവില്ലായ്മ ടിയാന്റെ കുറ്റബോധം അടിവരയിടാനും എതിർകക്ഷിയുടെ ആക്ഷേപത്തെ കൂടുതൽ ശക്തിപ്പെടുത്താനും മാത്രമേ സഹായിക്കൂ. റിവ്യൂ ഹർജിക്കാരന്റെ വിചിത്രമായ സമീപനം, ന്യായമായ കാരണമില്ലാതെ ടി എതിർകക്ഷിയെ അന്യായമായി ലക്ഷ്യം വയ്ക്കാൻ റിവ്യൂ ഹർജിക്കാരനെ പ്രാപ്തരാക്കുന്നു. വിവേചനപരമായ ഇത്തരം നടപടികൾ നീതിയുടെയും സമത്വത്തിന്റെയും തത്വങ്ങളെ ലംഘിക്കുന്നു, കൂടാതെ ബഹു: ഓംബുഡ്സ്മാന് നിയമപ്രകാരം നടപടിയെടുക്കാവുന്നതുമാണ്. റിവ്യൂ ഹർജിക്കാരന്റെ ഈ ഹർജി ടിയാന്റെ

അന്യായമായ പെരുമാറ്റത്തിന് ഒരു മാതൃകയാണ്, കൂടാതെ ടി എതിർകക്ഷിക്ക് നഷ്ട പരിഹാരം ഉത്തരവാകുന്നതിന് കാരണവുമാണ്. ആയതിനാൽ ബഹു.ഓംബുഡ്സ്മാൻ എതിർകക്ഷിയുടെ ആക്ഷേപം സ്വീകരിച്ച് റിവ്യൂ ഹർജി ചെലവ് സഹിതം തള്ളി ഉത്തരവ ഉണ്ടാകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

റിവ്യൂ അപ്പീൽ പരാതിയുടെ വാദം **15/01/2025**-ന് രാവിലെ **11:00**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്.റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. ബിമൽ ജോസഫ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തോപ്പുംപടി,എറണാകുളം, എതിർകക്ഷിയായ ശ്രീമതി.ജോസ്ന.കെ.ജെ എന്നിവരാണ് പങ്കെടുത്തത്.

അപ്പീൽ പരാതി **(P/065/2024)** യും എതിർകക്ഷിയുടെ **statement of facts** ഉം പരിശോധിച്ച് ഇരു കക്ഷികളേയും വിളിച്ച് വാദം കേൾക്കുകയും സ്ഥലം പരിശോധിക്കുകയും ചെയ്തശേഷമാണ് ഉത്തരവ് ഇറക്കിയത്. **12/11/2024** ൽ സ്ഥലപരിശോധന നടത്തുമ്പോൾ ലൈസൻസിയുടെ ഉദ്യോഗസ്ഥർ പറഞ്ഞത് ഒരു പോസ്റ്റ് സ്ഥാപിച്ചാൽ നിലവിലുള്ള സർവീസ് വയർ അടുത്തുള്ള വസ്തുവിൽ കടക്കാതെ തന്നെ പുതിയ വീട്ടിലേയ്ക്ക് കണക്ഷൻ നൽകാമെന്നാണ്. അതിനു നിർദ്ദേശം നൽകിയെങ്കിലും അത് യഥാസമയം നടപ്പിലാക്കിയില്ല. ശ്രീമതി.ജോസ്ന യുടെ റേഷൻ കാർഡ് **BPL** വിഭാഗത്തിൽ പെട്ടതാണ്. അവർ വാടകയ്ക്ക് താമസിച്ചിരുന്ന വീട്ടിൽ കറന്റ് ഉണ്ടായിരുന്നതിനാൽ വീട് വൈദ്യുതീകരിച്ചതാണെന്ന് അതിൽ രേഖപ്പെടുത്തിയിരുന്നു. എന്നാൽ അവർക്ക് ഒരിടത്തും വൈദ്യുത കണക്ഷൻ നിലവിലില്ലെന്ന് അവർ ഒരു സത്യവാങ്മൂലം സമർപ്പിക്കുകയുണ്ടായി. **BPL** കണക്ഷന് അര്ഹതയില്ലായെന്ന് ലൈസൻസി എടുത്ത നിലപാടിന് കാരണം **total connected load 100W** ൽ കൂടുതലെന്നതായിരുന്നു. അധികമായി കണക്ട് ചെയ്തിരുന്ന ഉപകരണങ്ങൾ മാറ്റുകയും അങ്ങനെ ആകെയുള്ള **load 689 W** ആയി നിലനിർത്തുകയും ചെയ്തു.

ലൈസൻസിയുടെ പരിശോധനയിലും **connected load 689W** ആണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. അതായത് ശ്രീമതി.ജോസ്ന കെ.ജെ **BPL** വിഭാഗത്തിനുള്ള അനുകൂല്യത്തോടെയുള്ള കണക്ഷന് അർഹയാണെന്ന്

കാണുന്നു. അങ്ങനെ വരുമ്പോൾ ഉത്തരവിലെ ഒന്നാമത്തെ തീരുമാനം പുനഃപരിശോധിക്കേണ്ടതില്ല എന്ന് തെളിയുന്നു. ഇവിടെ ഒരു **post** സ്ഥാപിച്ചെങ്കിലും ആ **post** ഉപയോഗിച്ചല്ല കണക്ഷൻ നൽകിയിരിക്കുന്നത് എന്നാണ് പരാതിക്കാരനായ **AEE** അറിയിച്ചത്. ശരിയായ രീതിയിൽ കണക്ഷൻ നല്കാൻ അധികം **post** സ്ഥാപിക്കേണ്ടിവന്നാൽ അത് ലൈസൻസി സ്ഥാപിക്കേണ്ടതാണ്. രണ്ടാമത്തെയും മൂന്നാമത്തേയും, നാലാമത്തേയും തീരുമാനം നടപ്പിലാക്കിയിട്ടുള്ളതിനാൽ അതിന് ഒരു പുനഃപരിശോധന ആവശ്യമായി വരുന്നില്ല.

പുതിയ കണക്ഷൻ ലഭിക്കുന്നത്തിനുവേണ്ടിയുള്ള അപേക്ഷ ലൈസൻസിയുടെ സെക്ഷൻ ഓഫീസിൽ **2019** ൽ നൽകിയെന്ന് എതിർകക്ഷി പറഞ്ഞെങ്കിലും അത് തെളിയിക്കാനുള്ള രേഖകൾ ഒന്നും സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. **2019** ൽ അത്തരം അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല എന്ന് **AEE** വാദിക്കുകയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ **2019** ൽ അപേക്ഷ നൽകിയെന്ന വസ്തുത അംഗീകരിക്കാൻ കഴിയുന്നില്ല. സമർപ്പിച്ചിട്ടുള്ള രേഖകൾ പ്രകാരം പുതിയ കണക്ഷന് അപേക്ഷ നൽകിയിരിക്കുന്നത് **15/01/2024** ൽ ആണ്. അപേക്ഷ നൽകിയാൽ കണക്ഷൻ നൽകേണ്ട സമയപരിധിയെക്കുറിച്ച് **Kerala Electricity Supply Code 2014** ലെ റെഗുലേഷൻ **85** ൽ വിവരിച്ചിരിക്കുന്നു.

***85. Timelines for releasing and energising new connections.-***

*(1) The overall timeline for releasing new electricity connection, from the date of receipt of completed application and all the payments as per the demand note, shall be as specified hereunder in the cases where supply can be provided without any extension or augmentation to the existing distribution system:-*

| | ***Particulars*** | ***Maximum Time*** |
|---|---|---|
| *a* | Inspection of the premises of the applicant and preparation of the cost estimates, and issuance of demand note including security deposit | seven days from the date of receipt of application form. |
| *b* | Giving the connection | one month from the date of receipt of application. |

*Provided that the priority for releasing connections shall be fixed with reference to the date of remittance of required expenses and security deposits and submission of the required documents.*

ഇവിടെ Line extention പോലുള്ള പണികളൊന്നും ആവശ്യമില്ലാത്തതിനാൽ തന്നെ ഒരുമാസത്തിനകം കണക്ഷൻ ലഭിക്കാൻ ഉപഭോക്താവിന് അർഹതയുണ്ട്. അങ്ങനെയെങ്കിൽ 15/02/2024 നകം കണക്ഷൻ നല്കിയിരിക്കണമായിരുന്നു. ഈ കണക്ഷൻ മുൻകാല പ്രാബല്യത്തോടെ നൽകിയതായി കണക്കാക്കിയാൽ അതിനുശേഷം extension ന് വേണ്ടി ഉപഭോക്താവിൽനിന്ന് അധികം ഈടാക്കിയിരിക്കുന്ന തുക പലിശ സഹിതം തിരികെ നൽകേണ്ടതാണ്.

കണക്ഷൻ മുൻകാല പ്രാബല്യത്തോടെ നൽകിയതായി കണക്കാക്കിയാൽ തീരുമാനം 6 ഉം 7 ഉം ബാധകമല്ല എന്നു കാണുന്നു. തീരുമാനങ്ങൾ പുനഃപരിശോധിക്കുകയും അങ്ങനെ താഴെപ്പറയുന്ന പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുന്നു.

## തീരുമാനങ്ങൾ (Review Decisions)

സമർപ്പിച്ച രേഖകൾ പുനഃപരിശോധിക്കുകയും കക്ഷികളെ വിളിച്ചുവരുത്തി വീണ്ടും വാദം കേൾക്കുകയും ചെയ്ത് മുകളിൽ സൂചിപ്പിച്ച വിശകലനത്തിലൂടെ ഇനിപ്പറയുന്ന പുതിയ തീരുമാനങ്ങൾ എടുക്കുന്നു.

1) പരാതിക്കാരിയുടെ പുതിയ വീട്ടിലേയ്ക്കുള്ള കണക്ഷൻ BPL വിഭാഗത്തിൽ പെടുന്നതായതിനാൽ ആവശ്യമുള്ള Post കൾ സ്ഥാപിച്ച് ലൈസൻസിയുടെ ചെലവിൽ ഉടൻ നൽകേണ്ടതാണ്. ഇപ്പോൾ നൽകിയിരിക്കുന്ന താൽക്കാലിക സംവിധാനം regular connection ആക്കേണ്ടതാണ്.
2) തീരുമാനം 1) ഉത്തരവ് കിട്ടി ഒരാഴ്ചയ്ക്കകം നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.
3) എതിർകക്ഷിയുടെ കണക്ഷൻ BPL വിഭാഗത്തിൽ പെട്ടതായതിനാൽ Post സ്ഥാപിക്കുന്നതിന് വേണ്ടി നിർബന്ധിച്ചടപ്പിച്ച തുക രണ്ടാഴ്ചകം മടക്കി നൽകേണ്ടതാണ്.
4) പ്രസ്തുത കണക്ഷൻ മുൻകാല പ്രാബല്യത്തോടെ 15/02/2024 ൽ നൽകിയതായി കണക്കാക്കി അതിനുശേഷം ഈടാക്കിയിട്ടുള്ള extension charge മുഴുവനായും പലിശസഹിതം നൽകേണ്ടതാണ്. ഈ തീരുമാനം ഒരു മാസത്തിനകം നടപ്പിലാക്കി റിപ്പോർട്ട് നൽകേണ്ടതാണ്.

**5)** കണക്ഷൻ നല്കാൻ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരെ ലൈസൻസി കണ്ടെത്തുകയും അവർക്കെതിരെ നടപടി എടുക്കുകയും ചെയ്യേണ്ടതാണ്.

**6)** മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**RP/09/2024/** തീയതി: **15/01/2025**

**അയക്കുന്നത്:**

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തോപ്പുംപ്പടി,എറണാകുളം.

2. ശ്രീമതി. ജോസ്ന. കെ . ജെ , കളത്തി വീട്ടിൽ വീട്, മുണ്ടാംവേലിൽ പി.ഒ എറണാകുളം - **682507.**

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**